പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3571 — 26.06.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി ഉപഭോക്താക്കളുടെ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്.<br>വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ഐ.ടി വിഭാഗത്തിന്റെ നേതൃത്വത്തിൽ 01-09-2011 മുതൽ എസ്. എം. എസ് സംവിധാനം ഏർപ്പെടുത്തി. ഈ സംവിധാനം കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ എം-ഗവേണൻസ് പദ്ധതിയുമായി സഹകരിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. ഈ സംവിധാനത്തിൽ ഉപഭോക്താവിന് ഒരു നിശ്ചിത നമ്പരിലേക്ക് (No.537252) കൺസ്യൂമർ നമ്പരും സെക്ഷൻ ഓഫീസിന്റെ കോഡും മൊബൈൽ ഫോൺ മുഖേന എസ്. എം. എസ് ചെയ്യാവുന്നതാണ്. തിരുവനന്തപുരം വൈദ്യുതി ഭവനിലെ സെർവ്വർ കമ്പ്യൂട്ടറിൽ ഈ പരാതി ലഭിച്ചാലുടൻ ഒരു രജിസ്റ്റർ നമ്പർ ഉപഭോക്താവിന്റെ മൊബൈൽ നമ്പരിലേക്ക് എസ്. എം. എസ് ആയി അയയ്ക്കാം. അപ്പോൾ തന്നെ ഈ വിവരം അതാത് സെക്ഷൻ ഓഫീസിൽ നിലവിലുള്ള കമ്പ്യൂട്ടറിൽ ലഭ്യമാകും. കൂടാതെ ഈ വിവരം അതാത് സെക്ഷൻ ഓഫീസിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ മൊബൈലിലേക്കും അയയ്ക്കുന്നു. പരാതി പരിഹരിച്ചതിനു ശേഷം പ്രസ്തുത കമ്പ്യൂട്ടർ മുഖേന ആ വിവരം ഉപഭോക്താവിന്റെ മൊബൈലിലേക്ക് ഒരു എസ്. എം. എസ് ആയി അറിയിക്കുന്നു. ഉപഭോക്താവിന് തൃപ്തികരമായ രീതിയിൽ പരാതി പരിഹരിച്ചില്ലെങ്കിൽ ബന്ധപ്പെടുന്നതിനായി 1800 - 425 8333 ടോൾ ഫ്രീ നമ്പരും ഈ പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) 2011 മേയ് പത്തിനുശേഷം വൈദ്യുതി അദാലത്തുകൾ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അദാലത്തിൽ ലഭിച്ച പരാതികളുടെ എണ്ണവും അതിൽ പരിഹരിച്ച പരാതികളുടെ എണ്ണവും ജില്ല | (ബി) ഇല്ല.<br>എന്നാൽ, ബോർഡ് ഇ. എച്ച്.റ്റി, എച്ച്. റ്റി ലോ ടെൻഷൻ ഉപഭോക്താക്കളുടെ 3 വർഷത്തിൽ കൂടുതൽ കാലയളവിലുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നതിന് ഒരു പ്രത്യേക പദ്ധതി 01-02-2012 മുതൽ 31-03-2012 വരെ നടപ്പാക്കിയിരുന്നു. മുതൽ തുക |

തിരിച്ച് നൽകാമോ ?

ഒറ്റത്തവണയായി അടയ്ക്കുന്ന ഉപഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചത്. ഈ പദ്ധതിയിൽ കുടിശ്ശിക അടയ്ക്കുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് പലിശ 3% ആയും, മറ്റ് ഉപഭോ ക്താക്കൾക്ക് 5% ആയും കുറച്ചിരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ കുടിശ്ശിക അന്തിമ തീർപ്പാക്കലിനോ പലിശ 3% ആയി കുറച്ചിരുന്നു.

പ്രസ്തുത പദ്ധതിയിൽ 652 ലോ ടെൻഷൻ ഉപഭോക്താക്കളുടെയും 16 ഇ. എച്ച്. റ്റി, എച്ച്. റ്റി ഉപഭോക്താക്കളുടെയും വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**